# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 നവംബർ 8

# വാർത്താക്കുറിപ്പ്

## ദീപ പി.മോഹനൻ നിരാഹാരം പിൻവലിച്ചു

ഗവേഷണസംബന്ധമായ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് ദീപ പി. മോഹനൻ എന്ന ഗവേഷക മഹാത്മാഗാന്ധി സർവകലാശാല കവാടത്തിൽ നടത്തിവന്നിരുന്ന നിരാഹാര സമരം പിൻവലിച്ചു. വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉൾപ്പെടെയുള്ള സർവകലാശാല അധികൃതരുമായി ദീപ പി. മോഹനൻ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് തീരുമാനം. ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ.)യുടെ ചുമതലയിൽ നിന്നും ഡോ. കെ. നന്ദകുമാറിനെ പൂർണമായും നീക്കുന്നതിനും തീരുമാനമായി. കൂടാതെ ഭാവിയിൽ ദീപ പി. മോഹനന്റെ ഗവേഷണവുമായി ബന്ധപ്പെട്ട ഒരുതരത്തിലുള്ള ചുമതലയും നന്ദകുമാറിന് ഉണ്ടായിരിക്കുന്നതല്ല. ആരോപണവിധേയനായ ഐ.ഐ.യു.സി.എൻ.എൻലെ താൽക്കാലിക ജീവനക്കാരൻ എം. ചാൾസ് സെബാസ്റ്റ്യനെ സെന്ററിൽ നിന്ന് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഗവേഷണം പൂർത്തിയാക്കുന്നതിന് ഹൈക്കോടതി 2020 മാർച്ച് 23 വരെ നൽകിയിരുന്ന കാലാവധി പ്രസ്തുത തീയതി മുതൽ നാല് വർഷത്തേക്കുകൂടി നീട്ടുന്നതിനും യോഗത്തിൽ തീരുമാനമായി. ഗവേഷണത്തിനാവശ്യമായ ലബോറട്ടറി, ഹോസ്റ്റൽ, ലൈബ്രറി സൗകര്യങ്ങളും സർവകലാശാല ഗവേഷകയ്ക്ക് ഉറപ്പുനൽകിയിട്ടുണ്ട്. കൂടാതെ രണ്ട് വർഷത്തേക്ക് ദീപ പി. മോഹനന് യൂണിവേഴ്സിറ്റി റിസർച്ച് ഫെലോഷിപ്പും അനുവദിക്കും. ഇ ഗ്രാന്റ് ഇനത്തിൽ ഗവേഷകയ്ക്ക് ലഭിക്കുവാനുള്ള കുടിശിക ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സർവകലാശാല സ്വീകരിക്കും.

ഗവേഷക ഉന്നയിച്ചിട്ടുള്ള മറ്റ് പരാതികൾ പരിശോധിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിക്കുന്നതിനും സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് (എസ്.ജി.റ്റി.ഡി.എസ്.) ഡീനും സിൻഡിക്കേറ്റംഗവുമായ ഡോ. എം.എച്ച്. ഇല്യാസ്, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ഷാജില ബീവി, ഡോ. അനിത. ആർ. എന്നിവരാണ് സമിതി അംഗങ്ങൾ.

ഇതുകൂടാതെ ഗവേഷകയ്ക്ക് സർവകലാശാല ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുള്ള ഒരു സമിതിക്കും രൂപം നൽകിയിട്ടുണ്ട്. എസ്.ജി.റ്റി.ഡി.എസ്. ഡീനും സിൻഡിക്കേറ്റംഗവുമായ ഡോ. എം.എച്ച്. ഇല്യാസ്, സിൻഡിക്കേറ്റംഗവും സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിലെ ഡീനുമായ ഡോ. റോബിനറ്റ് ജേക്കബ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിലെ സരിത മോഹൻ, ഗവേഷകയുടെ പ്രതിനിധികളായി മാതാവ് സാംബവി കെ.പി., എം.എൻ. സജീഷ് കുമാർ, അനുരാജി പി.ആർ., എന്നിവരുമാണ് സമിതിയിലുള്ളത്.

ഗവേഷണത്തിനുള്ള ഗൈഡായി ഡോ. ഇ.കെ. രാധാകൃഷ്ണൻ തുടരും. കോ ഗൈഡുമാരായി വൈസ് ചാൻസലർ ഡോ. സാബു തോമസും സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഡോ. ബീന മാത്യുവും ഉണ്ടായിരിക്കും. സമരവുമായി ബന്ധപ്പെട്ട് ഗവേഷകയ്ക്കെതിരെ യാതൊരു പ്രതികാര നടപടികളും ഉണ്ടാവുകയില്ലെന്ന് സർവകലാശാല അധികൃതർ ചർച്ചയിൽ ഉറപ്പുനൽകി. വൈസ് ചാൻസലർക്ക് പുറമെ പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ.റെജി സക്കറിയ, ഡോ. ഷാജില ബീവി, ഡോ. ബി. കേരളവർമ്മ, ഡോ. കെ.എം. സുധാകരൻ, ഡോ. അനിത ആർ., ഡോ. ബാബു മൈക്കിൾ, ഡോ. ബിജു പുഷ്പൻ, രജിസ്ട്രാർ ഡോ. പ്രകാശ്കുമാർ ബി., ദീപ പി. മോഹനന്റെ പ്രതിനിധികളായി എം.എൻ. സജീഷ് കുമാർ, അനുരാജി പി.ആർ, മൻസൂർ എന്നിവരും പങ്കെടുത്തു.

(പി.ആർ.ഒ/39/1277/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 നവംബർ 8

# വാർത്താക്കുറിപ്പ് - 2

---

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ - റഗുലർ) പരീക്ഷകൾ നവംബർ 23 ന് ആരംഭിക്കും. പിഴയില്ലാതെ നവംബർ ഒൻപതുവരെയും 525 രൂപ പിഴയോടെ നവംബർ 10 നും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 11 നും അപേക്ഷിക്കാം. വിദ്യാർഥികൾ സി.വി. ക്യാമ്പ് ഫീസായി 210 രൂപ പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1278/2021)

## അഭിമുഖം 16ന്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് താൽക്കാലിക അധ്യാപകരുടെ പാനൽ തയാറാക്കുന്നു. ഹിസ്റ്ററി (ഒന്ന്, എൻഷ്യന്റ് ഹിസ്റ്ററി/ ആർക്കിയോളജി/ മിഡീവൽ ഹിസ്റ്ററി (ഒന്ന്), ആന്ത്രോപോളജി (രണ്ട്) എന്നീ വിഷയങ്ങളിലാണ് ഒഴിവുള്ളത്. യു.ജി.സി. യോഗ്യതയുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 16ന് രാവിലെ 10ന് പുല്ലരിക്കുന്ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ഓഫീസിൽ നടക്കുന്ന നേരിട്ടുള്ള അഭിമുഖത്തിൽ പങ്കെടുക്കണം. ഗവേഷണ പരിചയം/ പിഎച്ച്.ഡി. എന്നിവ അഭികാമ്യം. വിശദവിവരത്തിന് ഫോൺ: 6238852247.

(പി.ആർ.ഒ/39/1279/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.എഡ്. 2021-23 ബാച്ചിൽ പട്ടികജാതി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ യോഗ്യത/ ജാതി/ വരുമാനം തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 10ന് രാവിലെ 11നകം പഠനവകുപ്പിലെത്തി സ്പോട് അഡ്മിഷന് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്ന അപേക്ഷകരുടെ മെറിറ്റടിസ്ഥാനത്തിലാണ് പ്രവേശനം. എൻ.എസ്.എസ്./ എൻ.സി.സി./ എക്സ് സർവീസ് സർട്ടിഫിക്കറ്റുകളുള്ളവർ അവ ഹാജരാക്കണം. അവർക്ക് നിയമാനുസൃതമായ വെയിറ്റേജ് മാർക്ക് ലഭിക്കുന്നതാണ്. കൂടാതെ ബിരുദാനന്തര ബിരുദം ഉള്ളവർക്ക് മാർക്കടിസ്ഥാനത്തിൽ ബോണസ് മാർക്കും ലഭിക്കും. പട്ടികജാതി വിദ്യാർഥികളുടെ അഭാവത്തിൽ യഥാക്രമം പട്ടികവർഗ, ഒ.ഇ.സി., ഒ.ബി.സി., ജനറൽ വിഭാഗക്കാരെയും പരിഗണിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ/39/1280/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഡാറ്റ അലനിറ്റിക്സ് വകുപ്പിൽ എം.എസ് സി. ഡാറ്റ സയൻസ് ആന്റ് അനലിറ്റിക്സ് ബാച്ചിൽ (2021 അഡ്മിഷൻ) എസ്.സി. വിഭാഗത്തിൽ രണ്ടും, എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ യോഗ്യത രേഖകളുമായി നവംബർ 10ന് വൈകീട്ട് 3.30നകം എഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 8304870247.

(പി.ആർ.ഒ/39/1281/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റ അലിറ്റിക്സ് വകുപ്പുകളിൽ എം.എസ് സി. മാത്തമാറ്റിക്സ്, എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ്, എം.എസ് സി. ഡാറ്റ സയൻസ് ആന്റ് അനലിറ്റിക്സ് കോഴ്സുകളിലേക്കുള്ള ക്യാറ്റ് എൻട്രൻസ് ടെസ്റ്റിൽ 100ന് മുകളിൽ സ്കോർ ഉള്ള വിദ്യാർഥികൾക്ക് നവംബർ 10ന് നടത്തുന്ന ഓപ്പൺ അഡ്മിഷനിൽ പങ്കെടുക്കാം. ക്യാറ്റ് സ്കോർ 200ന് മുകളിലുള്ളവർ ഉച്ചയ്ക്ക് 12ന് മുമ്പും 100നും 200നും ഇടയിൽ ക്യാറ്റ് സ്കോർ ഉള്ളവർ വൈകീട്ട് മൂന്നിന് മുമ്പായും അസൽ യോഗ്യത രേഖകളുമായി എഡി എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 8304870247.

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.എസ് സി. മാത്തമാറ്റിക്സ് ബാച്ചിലേക്ക് (2021 അഡ്മിഷൻ) എസ്.സി. വിഭാഗത്തിൽ മൂന്നും, എസ്.ടി. വിഭാഗത്തിൽ ഒന്നും, എം.എസ് സി. സ്റ്റാറ്റിസ്റ്റിക്സ് ബാച്ചിലേക്ക് (2021 അഡ്മിഷൻ) എസ്.സി. വിഭാഗത്തിൽ മൂന്നും, എസ്.ടി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. അർഹരായവർ അസൽ യോഗ്യത രേഖകളുമായി നവംബർ 10ന് വൈകീട്ട് 3.30നകം എഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 8304870247.

(പി.ആർ.ഒ/39/1283/2021)

മഹാത്മാഗാന്ധി സർവകലാശാല, സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടത്തുന്ന 2021-22 ബാച്ച് എം.എ. ഹിസ്റ്ററി കോഴ്സിന് എസ്.റ്റി. വിഭാഗത്തിൽ ഒന്നും, എം.എ. ആന്ത്രോപോളജിയിൽ എസ്.സി. വിഭാഗത്തിൽ നാലും എസ്.റ്റി. വിഭാഗത്തിൽ ഒന്നും സീറ്റൊഴിവുണ്ട്. ആന്ത്രോപോളജിയിൽ ജനറൽ വിഭാഗത്തിലും ഏതാനും ഒഴിവുകൾ ഉണ്ട്. യോഗ്യരായവർ നവംബർ 10ന് പകൽ 11ന് അസൽ സർട്ടിഫിക്കറ്റുകളുമായി പുല്ലരിക്കുന്ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ എത്തിച്ചേരണം. വിശദവിവരത്തിന് ഫോൺ: 6238852247, 8547593689.

(പി.ആർ.ഒ/39/1284/2021)

## പരീക്ഷഫലം

2021 ജൂലൈയിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം. (മോഡൽ 1, 2, 3) 2018 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1285/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. കഥകളി വേഷം പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1286/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ